# പതിനഞ്ചാം കേരള നിയമസഭ
# രണ്ടാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

02-08-2021

## (3) കിഫ്ബി ധനവിനിയോഗം സംബന്ധിച്ച്

2021 ആഗസ്റ്റ് 2-ാം തീയതി സബ്മിഷനശേഷം, കിഫ്ബി പദ്ധതിക്കുവേണ്ടി ബഡ്ജറ്റിനുപുറത്ത് ചെലവഴിക്കുന്ന തുകയുടെ ധനവിനിയോഗം സംബന്ധിച്ച സ്ക്രൂട്ടിണി സഭയിലോ സബ്ജക്ട് കമ്മിറ്റിയിലോ വരുന്നില്ലെന്നും പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് വായ്പയിലൂടെയും മസാലബോണ്ടുകളിലൂടെയും കണ്ടെത്തുമെന്ന് പറഞ്ഞെങ്കിലും മോട്ടോർ വാഹന നികുതി, പെട്രോൾ സെസ്, കോർപ്പസ് ഫണ്ട് ഗ്രാന്റ് എന്നിങ്ങനെ ഖജനാവിൽനിന്നാണ് ഭൂരിഭാഗം പണവും നൽകുന്നതെന്നും നിയമസഭ പാസ്സാക്കുന്ന കിഫ്ബി ഫണ്ട് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടോ, വാർഷിക കണക്കുകളോ പരിശോധിക്കുന്നതിന് സഭാ സമിതികൾക്ക് അവസരം ലഭിക്കുന്നില്ലെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതിനെക്കാൾ കൂടുതൽ തുക കിഫ്ബിക്കായി ആവശ്യപ്പെടാത്തതിനാലാണ് സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് വരാത്തതെന്നും 2019-20 വരെയുള്ള ധനകാര്യ വർഷത്തെ കിഫ്ബിയുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും ഫിഡലിറ്റി സർട്ടിഫിക്കറ്റും നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും 2019-ലെ സ്പീക്കറുടെ റൂളിംഗ് പ്രകാരം കിഫ്ബിയുടെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച് ചർച്ച നടത്താനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണുണ്ടായത്. കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന 'പലവക സാമ്പത്തിക സർവ്വീസുകൾ ' എന്ന 28-ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതാണെങ്കിൽപ്പോലും അതിനുകീഴിൽ വരുന്ന '5475-മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്' എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ

---

ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല. മേജർ ഹെഡ്ഡിന്റെ പരിധിയിൽവരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ നിന്നും നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അധികാരമുണ്ട്. ഭാവിയിൽ അത്തരം സാദ്ധ്യതകൾ സമിതി പ്രയോജനപ്പെടുത്തുമെന്ന് കരുതുന്നു. ഇക്കാര്യത്തിൽ വീണ്ടും ക്രമപ്രശ്നം ഉയർന്നുവന്ന സാഹചര്യത്തിൽ അടുത്തവർഷം മുതൽ മേല്പറഞ്ഞ മേജർ ഹെഡ്ഡിനുകീഴിൽ വരുന്ന വിശദാംശങ്ങൾകൂടി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.''അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.